സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000-ഫെബ്രുവരി 29 വരെ 4398 വ്യവസായ സംരംഭകർക്കായി 50.80 കോടി രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാന നിക്ഷേപ സബ്സിഡിക്ക് ഒരു മാസം വരെ കാലപ്പഴക്കമുള്ള 88 അപേക്ഷകളും 6 മാസം വരെ കാലപ്പഴക്കമുള്ള 473 അപേക്ഷകളും 7 മുതൽ 12 മാസം വരെ കാലപ്പഴക്കമുള്ള 151 അപേക്ഷകളും ഒരു വർഷത്തിലേറെ പഴക്കമുള്ള 55 അപേക്ഷകളും ചേർത്ത് ആകെ 767 അപേക്ഷകൾ 2000 ജനുവരി 31 വരെ പെൻഡിംഗ് ആയിട്ടുണ്ട്.

ആരോഗ്യ സേവന പരിപാടികൾ

23 (*582) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സേവന പരിപാടികൾക്ക് ഗ്രാമ പഞ്ചായത്തുകൾ തുക വകയിരുത്താറുണ്ടോ;

(ബി) എങ്കിൽ വാർഷിക ബഡ്ജറ്റിന്റെ എത്ര ശതമാനം എന്ന് വ്യക്തമാക്കുമോ;

(സി) വനിതാ ക്ഷേമപരിപാടികൾക്ക് തുക വകയിരുത്താറുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ഡി) പ്രസ്തുത ഇനങ്ങളിൽ തുക വകയിരുത്തുകയാണെങ്കിൽ വനിതകളുടെ ആരോഗ്യത്തിന് ഊന്നൽ നല്കി സേവനം അനുഷ്ഠിക്കുന്ന എം.എസ്.എസ്. പ്രവർത്തകർക്ക് അതിൽ നിന്ന് ഒരു നിശ്ചിത തുക പ്രതിമാസ ഓണറേറിയമായി നല്കാൻ നിർദ്ദേശം നല്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി):

(എ) ഉണ്ട്.

(ബി) ഓരോ പഞ്ചായത്തും വ്യത്യസ്ത രീതിയിലാണ് തുക വക കൊള്ളിക്കുന്നത്. പദ്ധതിയിനത്തിൽ പൊതുവായി സേവനമേഖലയ്ക്ക് തുക കൊള്ളിക്കാറുണ്ട്.

1998-99-ൽ ആരോഗ്യ സേവന പരിപാടികൾക്കായി വാർഷിക ബഡ്ജറ്റിന്റെ 1.83% തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ എയിഡ് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

വാർഷിക പദ്ധതിയുടെ 10% വകയിരുത്താറുണ്ട്.

(ഡി) പദ്ധതി തുകയിൽ നിന്നും ഓണറേറിയം സ്ഥിരമായി നല്കാൻ കഴിയില്ല. മിക്കവാറും ഗ്രാമ പഞ്ചായത്തുകളുടെ ധനസ്ഥിതി മോശമായതിനാലാണ് ഇതിന് കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly